# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6964 02.11..2011 ൽ മറുപടിക്ക്

## കുണ്ടറ നിയോജക മണ്ഡലത്തിലെ ആർ.ഐ.ഡി.എഫ്. പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. ബേബി | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്തുവകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിലെ നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ്. ൽ, പ്രവൃത്തികൾ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ; | (എ) പൊതുമരാമത്തു വകുപ്പിന് ആവശ്യമുളള ഗ്രാമീണ മേഖലയിലെ പദ്ധതികൾ വിശദമായ പ്രോജക്ട് റിപ്പോർട്ട് സഹിതം സംസ്ഥാനത്തിന്റെ ലോൺ വാങ്ങുന്ന നോഡൽ ഏജൻസിയായ ധനകാര്യവകുപ്പ് മുഖേന നബാർഡിൽ സമർപ്പിക്കുന്നു. ബാങ്കിന്റെ നിയമവശങ്ങൾക്കനുസരിച്ചാണോ പ്രോജക്ടുകൾ എന്ന് പരിശോധിച്ച് നബാർഡ് അംഗീകാരം നല്കുന്ന പ്രവൃത്തികളാണ് സർക്കാർ അംഗീകരിച്ച് നടപ്പിലാക്കുന്നത്. പദ്ധതി ചെലവിന്റെ 80% നബാർഡിൽ നിന്നും വായ്പയായി ലഭിക്കുന്നു. |
| (ബി) കുണ്ടറ നിയോജക മണ്ഡലത്തിലെ ഏതെങ്കിലും റോഡോ, പാലമോ ഈ വർഷത്തെ പൊതുമരാമത്തു വകുപ്പിന്റെ കീഴിൽ നടത്തുന്ന ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (ബി) ഉൾപ്പെടുത്തിയിട്ടില്ല |

(സി) ആർ.ഐ.ഡി.എഫ്. ഒഴികെ ഏതെല്ലാം ഫണ്ടുകൾ ആണ് റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിന് നീക്കിവച്ചിട്ടുള്ളത് ?

(സി) ഓരോ സാമ്പത്തിക വർഷവും സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ പൊതുമരാമത്തു വകുപ്പിനായി നീക്കി വയ്ക്കുന്ന പദ്ധതി ചിലവുകൾക്കുള്ള ഫണ്ടു പയോഗിച്ച് *(6 ശീർഷകങ്ങളിൽ എസ്. എച്ച്. /എം. ഡി. ആർ ഡെവലപ്മെന്റ് & ഇംപ്രൂവ്മെന്റ്സ്, ബ്രിഡ്ജസ് & കൾവർട്ട്സ്, ശബരിമല റോഡ്സ്/ സിറ്റി റോഡ്സ് ഇംപ്രൂവ്മെന്റ്സ്)* റോഡുകളും പാലങ്ങളും നിർമ്മിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ